"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് - മെഡിക്കൽ ഓഫീസർമാരുടെ ടേൺ ഡ്യൂട്ടി - മാർഗനിർദേശങ്ങൾ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്**

**സ.ഉ.(സാധാ) നം.1455/2019/തൊഴിൽ** തീയതി,തിരുവനന്തപുരം, 26/11/2019

പരാമർശം:- 1) സ.ഉ(സാധാ)നം.146/2014/തൊഴിൽ, തീയതി: 27.01.2014.

2) സ.ഉ(സാധാ)നം.858/2016/തൊഴിൽ, തീയതി: 08.07.2016.

3) സ.ഉ (സാധാ) നം.1281/2017/തൊഴിൽ,തീയതി:26.09.2017.

4) ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ 10.10.2019 ലെ ഇ1-8806/2019/ഡി.ഐ.എം.എസ് നമ്പർ കത്ത്.

**ഉത്തരവ്**

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ മെഡിക്കൽ ഓഫീസർമാരെ ടേൺഡ്യൂട്ടിക്ക് നിയോഗിക്കുന്നതുമായി ബന്ധപ്പെട്ട മാനദണ്ഡങ്ങൾ പരാമർശ ഉത്തരവുകൾ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിരുന്നു. പരാമർശം 3 ഉത്തരവിലെ ഖണ്ഡിക 5(i) പ്രകാരം ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ഡോക്ടർമാരിൽ 54 വയസ്സ് പൂർത്തിയായവർക്കും 24 വർഷത്തിൽ കൂടുതൽ സർവീസ ഉള്ളവർക്കും ടേൺ ഡ്യൂട്ടിയിൽ ഇളവ് അനുവദിക്കാവുന്നതാണെന്നും എന്നാൽ നിശ്ചിത എണ്ണം ഡോക്ടർമാർ ടേൺ ഡ്യൂട്ടിയ്ക്കായി ലഭ്യമല്ലാത്ത പക്ഷം 54 വയസ്സ് കഴിഞ്ഞവരെയും 24 വർഷം സർവീസ് പൂർത്തിയാക്കിയവരെയും ഡ്യൂട്ടിയ്ക്കായി നിയോഗിക്കേണ്ടതാണെന്നും ഇളവിനർഹരായ രണ്ട് വിഭാഗവും ഒരു ആശുപത്രിയിൽ ഉണ്ടാകുന്ന പക്ഷം വയസ്സ് പരിഗണിച്ച് 54 വയസ്സ് കഴിഞ്ഞവരെ ഡ്യൂട്ടിയിൽ നിന്ന് ഒഴിവാക്കേണ്ടതാണെന്നും 24 വർഷത്തിൽ കൂടുതൽ സർവീസുള്ളവരെ ഡ്യൂട്ടിയ്ക്കായി നിയോഗിക്കേണ്ടതാണെന്നും, ഇളവിനർഹരായ രണ്ട് വിഭാഗവുമുള്ള പക്ഷം പ്രായത്തിന് മുൻഗണന നൽകേണ്ടതാണെന്നും നിഷ്കർഷിച്ചിരുന്നു. എന്നാൽ സർവീസിൽ സീനിയറായ ഡോക്ടർമാർക്ക് അർഹമായ ആനുകൂല്യം ടി സർക്കാർ ഉത്തരവിൽ പരിഗണിച്ചിട്ടില്ലായെന്ന് പരാമർശം 4 പ്രകാരം ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം 3 സർക്കാർ ഉത്തരവിലെ ഖണ്ഡിക 5 (i) ൽ ചുവടെ ചേർക്കുന്ന വ്യവസ്ഥ കൂടി ചേർക്കുന്നു.

" സർവ്വീസ് സീനിയോറിറ്റിക്ക് പരിഗണന നൽകി, 25 വർഷവും അതിൽ കൂടുതലും സർവ്വീസ് ഉള്ള മെഡിക്കൽ ഓഫീസർമാരെ ടേൺ ഡ്യൂട്ടിയിൽ നിന്നും പൂർണ്ണമായും ഒഴിവാക്കുന്നു."

3) ടേൺ ഡ്യൂട്ടികളുമായി ബന്ധപ്പെട്ട പരാമർശ സർക്കാർ ഉത്തരവുകളിലെ മറ്റ് നിബന്ധനകൾ പാലിക്കേണ്ടതാണ്.

4) മേൽ പരാമർശിച്ച ഭേദഗതികളോടെ പരാമർശം 3 ലെ സർക്കാർ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ.ജയിംസ് രാജ്
അഡീഷണൽ സെക്രട്ടറി

ഡയറക്ടർ,ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ്,തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), (ഓഡിറ്റ്),തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പിന് (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by AJISH KUMAR A
Date: 2019.11.26/16:26:58 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.തൊഴിലും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

Endorsement No. E1-22561/2015/DIMS dtd: 04.12.2019

Copy of Government Order communicated for information and necessary action.

**For Director of Insurance Medical Services**

To,

The Hospital Superintendents

Copy to,

1. The Accountant General (A&E), Kerala, Thiruvananthapuram.
2. The Regional Deputy Director, Insurance Medical Services, South Zone, Kollam.
3. File/Stock file/Website.

GS/-